**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ പ്രവൃത്തിദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. അൻവർ സാദത്ത് , ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ പ്രവൃത്തിദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം ഹൈക്കോടതി മരവിപ്പിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പ്രവൃത്തിദിനങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിക്കുന്നതിനു മുമ്പ് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ; | (ബി) | ശാസ്ത്രീയ പഠനം നടത്തിയിരുന്നില്ല.<br><br>ബഹു. കേരള ഹൈക്കോടതിയിൽ ഒരു എയ്ഡഡ് സ്കൂളിലെ പി.റ്റി.എ. യും മാനേജരും കൂടി ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 25120/2023 ൽ 26/02/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിപ്രകാരം ഒരു അധ്യയന വർഷം 220 പ്രവൃത്തി ദിനം വേണമെന്ന ഹർജിക്കാരന്റെ ആവശ്യത്തിന്മേൽ ചട്ടങ്ങൾ പ്രകാരം തീരുമാനമെടുക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് കോടതി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹർജിക്കാരനെ കേൾക്കുകയും 25/04/2024 തീയതിയിലെ എസ്2(എ) 1599098/2023/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം വരും വർഷങ്ങളിൽ നിയമാനുസൃതമായ പ്രവൃത്തി ദിനങ്ങൾ കലണ്ടറിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരൻ കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 220 പ്രവൃത്തി ദിനങ്ങൾ 2024-25 അധ്യയന വർഷത്തിലെ കലണ്ടറിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. |
| (സി) | ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഈ കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ; | (സി) | ബഹു. കേരള ഹൈക്കോടതിയുടെ 01.08.2024 ലെ വിധിന്യായപ്രകാരം 2024-25 അധ്യയന വർഷത്തെ പ്രവൃത്തിദിനം സംബന്ധിച്ച് സർക്കാരിൽ നിന്നും അന്തിമതീരുമാനം ഉണ്ടാകുന്നതുവരെ ശനിയാഴ്ച പ്രവൃത്തിദിനം ആയിരിക്കില്ല എന്ന വിവരം അറിയിച്ചുകൊണ്ട് 13.08.2024 തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ, ബഹു. കോടതി വിധിയനുസരിച്ച് 09/09/2024 -ന് കേസിലെ പെറ്റീഷണർമാർ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, പി.റ്റി.എ., മദർ പി.റ്റി.എ., എസ്.എം.സി. പ്രതിനിധികൾ, ചൈൽഡ് സൈക്കോളജിസ്റ്റ് തുടങ്ങിയവരെ നേരിൽ കേൾക്കുകയും അവരുടെ അഭിപ്രായം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനത്തിൽനിന്ന് പിന്മാറുമോ; വിശദാംശം നൽകുമോ? | (ഡി) | ബഹു. കേരള ഹൈക്കോടതിയുടെ 01.08.2024 ലെ വിധിന്യായപ്രകാരം 2024-25 അധ്യയന വർഷത്തെ പ്രവൃത്തിദിനം സംബന്ധിച്ച് സർക്കാരിൽ നിന്നും അന്തിമതീരുമാനം ഉണ്ടാകുന്നതുവരെ ശനിയാഴ്ച പ്രവൃത്തിദിനം ആയിരിക്കില്ല എന്ന വിവരം അറിയിച്ചുകൊണ്ട് 13.08.2024 തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ നൽകിയിട്ടുണ്ട്. കൂടാതെ, ബഹു. കോടതി വിധിയനുസരിച്ച് 09/09/2024 -ന് കേസിലെ പെറ്റീഷണർമാർ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, പി.റ്റി.എ., മദർ പി.റ്റി.എ., എസ്.എം.സി. പ്രതിനിധികൾ, ചൈൽഡ് സൈക്കോളജിസ്റ്റ് തുടങ്ങിയവരെ നേരിൽ കേൾക്കുകയും അവരുടെ അഭിപ്രായം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ